# പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

സംസ്ഥാന സർക്കാരിന്റെ സ്വപ്ന പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ആയിരം സർക്കാർ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതടക്കമുള്ള സമഗ്രമായ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ കൊണ്ടുവരികയായിരുന്നു ആദ്യ ഘട്ടത്തിലെ ലക്ഷ്യം. അടിസ്ഥാന സൗകര്യങ്ങളിലെ വികസനം മാത്രമല്ല അധ്യാപനത്തിലും പഠന പ്രക്രിയയിലും മാറ്റങ്ങൾ കൊണ്ടുവന്നു. ഇന്നത്തെ കാലഘട്ടത്തിനനുസൃതമായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പാഠ്യപദ്ധതിയും സ്മാർട്ട് ക്ലാസ് മുറികളും പഠനമേഖലയിൽ ഉൾപ്പെടുത്തി. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള പാഠ്യപദ്ധതിക്കും സർക്കാർ മുൻഗണന നൽകുന്നു. ഓരോ വിദ്യാർത്ഥിക്കും ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സ്വന്തമായി അറിവ് വികസിപ്പിക്കുന്നതിനുള്ള അവസരം ലഭ്യമാക്കുന്ന രീതിയിൽ വിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം.

## പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം –– ജില്ലയുടെ നേട്ടങ്ങൾ

ജില്ലയിലെ വിവിധ സർക്കാർ വിദ്യാലയങ്ങളിലെ 3709 ക്ലാസ് മുറികൾ ഹൈ ടെക് ആക്കി. പരിസ്ഥിതി മേഖലയിലെ കൂടുതൽ പഠനങ്ങൾക്കായി 122 വിദ്യാലയങ്ങളിൽ ജൈവ വൈവിധ്യ പാർക്കുകൾ നിർമിച്ചു. ചെയ്തു. അഞ്ച് വിദ്യാലയങ്ങളിൽ ജൈവ വൈവിധ്യ പാർക്കുകൾ സംബന്ധിച്ച ജോലികൾ പുരോഗമിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ സർക്കാർ നടപ്പിലാക്കിയ നിരവധി ക്യാംപെയ്നുകളുടെ ഫല മായി ജില്ലയിൽ സർക്കാർ സ്കൂളുകളിലേക്ക് കഴിഞ്ഞ വർഷത്തേതിൽ നിന്നും 1613 വിദ്യാർത്ഥികളുടെ വർധനവാണുണ്ടായത്.

| പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം | | | |
|---|---|---|---|
| തത് സ്ഥിതി റിപ്പോർട്ട് | | | |
| **ക്രമനമ്പർ** | **പ്രവർത്തനം** | **ലക്ഷ്യമിട്ടത്** | **നേട്ടങ്ങൾ 20.06.2018** |
| 1 | **ഹൈടെക് ക്ളാസ്റൂമുകൾ** | 4104 | 3709 |
| 2 | **അടിസ്ഥാനസൗകര്യ വികസനം** | | |
| | മ) അഞ്ചുകോടി രൂപയുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ | 15 | ആറെണ്ണം ടെണ്ടറുകൾ നല്കി |
| | യ) മൂന്നുകോടി രൂപയുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ | 8 | മൂന്നു പദ്ധതികൾക്ക് ടെണ്ടറുകൾ നല്കി |
| | ര) ഒരുകോടി രൂപയുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ | 15 | ടെണ്ടർ നടപടികളിലാണ് |
| 3 | ജൈവ വൈവിധ്യ പാർക്കുകൾ | 127 | 122 |
| | *ഉമമേ മ െ ീ ഖൗില 20, 2018 | | |